പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1230 03/12/2015 ൽ മറുപടിക്ക്

# പോക്കുവരവ് നടപടികൾ ഓൺലൈൻ ആക്കുന്നത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കൈമാറ്റം ചെയ്യുമ്പോൾ പോക്ക്വരവ് നടപടികളിൽ കാലതാമസം നേരിടുന്നതിനാൽ ഇവയുടെ നടപടിക്രമം ഓൺലൈനാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ, എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്.<br>ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂമിയുടെ കൈമാറ്റ പോക്കുവരവുനടപടികൾ വേഗത്തിലും സുതാര്യമാക്കുന്നതിനും വേണ്ടി സംയോജിത ഓൺലൈൻ പോക്ക്വരവ് പദ്ധതിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ തുടക്കം കുറിച്ചു. ഇത് സംസ്ഥാനത്ത് ഒട്ടാകെ നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open PEARL – Open Package for Effective Administration of Registration Laws) എന്ന സോഫ്റ്റ് വെയറും റെലിസ് Ver.2 ഉം തമ്മിൽ വെബ്സർവീസ് മുഖേന ബന്ധപ്പെടുത്തിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്നത്. ആയതു പ്രകാരം ഓപ്പൺ പേൾ വഴി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ ഉടൻതന്നെ ആവശ്യമായ വിശദാംശങ്ങൾ സഹിതം പോക്കുവരവിനായി ബന്ധപ്പെട്ട വില്ലേജാഫീസർക്ക് ഓൺലൈനായി ലഭ്യമാകുകയും ചെയ്യും. വില്ലേജ് ഓഫീസർ ആവശ്യമായ രേഖകൾ/പ്രമാണങ്ങൾ പരിശോധിച്ച് പോക്കുവരവ് അനുവദിക്കുകയോ സബ്ഡിവിഷനുവേണ്ടി ബന്ധപ്പെട്ട തഹസിൽദാർക്ക് ഓൺലൈനായിത്തന്നെ അയച്ചുകൊടുക്കുകയോ ചെയ്യും. പോക്കുവരവ് അനുവദിച്ച വിവരവും അധികമായ പ്രമാണങ്ങൾ |

(ബി) തുടക്കത്തിൽ എവിടെയെല്ലാമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും സംസ്ഥാനത്ത് മുഴുവൻ ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ആവശ്യമുണ്ടെങ്കിൽ അക്കാര്യവും അപേക്ഷകനെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. റെലിസ് Ver.1 ഉപയോഗിച്ചുകൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് 15.09.2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വില്ലേജുകളും ഉടൻ തന്നെ റെലിസ് Ver.2 ലേക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ.) നം. 575/2015/റവ തീയതി 17.10.2015 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുംപ്പെട്ട 420 വില്ലേജുകളിലേക്കുകൂടി ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ